"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് : കേരള നദീ-തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001 - റിവർ മാനേജ്മെന്റ് ഫണ്ട് - 19.04 ലക്ഷം രൂപയ്ക്കു ഭരണാനുമതി നൽകി നിർവഹിച്ച വാണിമേൽ പഞ്ചായത്തിലെ മാഹിപുഴയിലെ മീത്തലെ- പൈങ്ങോൽ നദീസംരക്ഷണ പ്രവൃത്തിയ്ക്കു GST വർദ്ധിച്ച സാഹചര്യത്തിൽ ചെലവായ അധിക തുകയായ 52,425/- രൂപ കൂടി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിനു അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2741/2024/RD തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. 17.11.2020-ലെ സ.ഉ(സാധാ) നം. 3705/2020/റവ നമ്പർ സർക്കാർ ഉത്തരവ്.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 22.01.2024, 05.04.2024, 07.09.2024 എന്നീ തിയതികളിലെ DCKKD/9599/2023/F7 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14.10.2024-ലെ LR/1230/2024/LR(K1) നമ്പർ കത്ത്.
4. 22.10.2024-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ 15-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിയ്ക്കുന്നതിനായി വാണിമേൽ പഞ്ചായത്തിലെ മാഹിപുഴയിലെ മീത്തലെ- പൈങ്ങോൽ നദീസംരക്ഷണം എന്ന **19.04** ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്കു പരാമർശം **(1)** ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായതാണ്.

**2.** പ്രസ്തുത പ്രവൃത്തി **16.06.2023**-നു പൂർത്തീകരിച്ചതായും **GST 12%** -ൽ നിന്നും **18%** ആയി ഉയർത്തിയ സാഹചര്യത്തിൽ **19,56,425/-** രൂപ ചെലവായെന്നും ആയതു പ്രകാരമുള്ള അധികതുക അനുവദിയ്ക്കുന്നതും സംബന്ധിച്ച കോഴിക്കോട് ജില്ലാ കളക്ടറുടെ പരാമർശം **(2)** പ്രകാരമുള്ള കത്തുകളും പരാമർശം **(2)** പ്രകാരമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതമുള്ള റിപ്പോർട്ടും സർക്കാരിൽ സമർപ്പിച്ചിരുന്നു.

**3.** ടി വിഷയം **22.10.2024**-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ പരിഗണിയ്ക്കുകയും **GST** നിരക്കിലെ വർദ്ധനവ് മൂലം ഉണ്ടായ അധിക തുകയ്ക്ക് സാധൂകരണം നൽകുകയും ചെയ്തിരുന്നു.

4. മേൽ സാഹചര്യത്തിൽ, ഇതിനകം പൂർത്തീകരിച്ച വാണിമേൽ പഞ്ചായത്തിലെ മാഹിപുഴയിലെ മീത്തലെ-പൈങ്ങോൽ നദീസംരക്ഷണപ്രവൃത്തിയ്ക്കു **GST 12%** -ൽ നിന്നും **18%** ആയി ഉയർത്തിയ സാഹചര്യത്തിൽ, അധികമായി ചെലവായ **52,425/-** രൂപ (അൻപത്തി രണ്ടായിരത്തി നാനൂറ്റി ഇരുപത്തഞ്ച് രൂപ) കൂടി, ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിനു കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHANSHA A
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ILDM, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Pradeesh Kumar M K**
**Date: 18-11-2024 17:16:50**
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. റവന്യൂവും ഭവന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു.
ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ബഹു. അഡിഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.